# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/80/2017 പത്രക്കുറിപ്പ് 2017 ഏപ്രിൽ 18

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.എസ്‌സി. മോളിക്യൂലർ ബയോളജി & ജെനറ്റിക് എഞ്ചിനിയറിംഗ് (2016-2018 ബാച്ച്) ഡിഗ്രി പരീക്ഷകൾ മെയ് 5 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 24 വരെയും 50 രൂപ പിഴ യോടെ 25 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 28 വരെയും സ്വീകരിക്കും.

രണ്ടാം സെമസ്റ്റർ യൂ.ജി (സി.ബി.സി.എസ്.എസ്-2016 അഡ്മിഷൻ റഗുലർ & റീ അപ്പിയറൻസ്/സപ്ലിമെന്ററി-2013 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ മെയ് 3 ന് ആരംഭിക്കും. പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനകം ഇന്റേണൽ മാർക്കുകൾ അപ്‌ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് 500 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്. 10 ദിവസത്തിൽ കൂടുതൽ വൈകിയാൽ 1000 രൂപ നിരക്കിലും കോളേജുകൾ പിഴയൊടുക്കേണ്ടതാണ്.

**പ്രാക്ടിക്കൽ, ഡിസ്സേർട്ടേഷൻ, വൈവാ-വോസി**

2016 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്‌സി. ഡിഗ്രി പുതിയ സ്‌കീം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, ഡിസ്സേർട്ടേഷൻ, വൈവാ-വോസി എന്നിവ ഏപ്രിൽ 24, 25 തീയതികളിൽ സർവ്വകലാശാലാ ഡിപ്പാർട്ട്‌മെന്റ് ഓഫ് ലൈബ്രറി സയൻസ് ആൻഡ് ഇൻഫർമേഷൻ സയൻസസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.സി.എ & ബിഎസ്‌സി. കംപ്യൂട്ടർ അപ്ലിക്കേഷൻ (സി.ബി.സി.എസ്.എസ്-2013 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി-2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) മാർച്ച് 2017 ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 24 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ മോഡൽ 1, 2, 3 ബി.എസ്‌സി. (സി.ബി.സി.എസ്.എസ് - 2015 അഡ്മിഷൻ റഗുലർ/2009 മുതൽ 2014 വരെയുള്ള അഡ്മിഷൻ റീ അപ്പിയറൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 3 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ മലയാളം (സി.എസ്.എസ് - റഗുലർ/ ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 28 വരെ സ്വീകരിക്കും.

സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്‌സ് 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം..എ പൊളിറ്റിക്‌സ് & ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്‌സ് & ഹ്യൂമൻ റൈറ്റ്‌സ്, പൊളിറ്റിക്‌സ് (പബ്ലിക് പോളിസി & ഗവർണൻസ്) - (സി.എസ്.എസ് റഗുലർ/ഇംപ്രൂവ്‌മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

ഇന്റർനാഷണൽ & ഇന്റർ യൂണിവേഴ്‌സിറ്റി ഫോർ നാനോസയൻസ് & നാനോടെക്‌നോളജി 2017 ഫെബ്രുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്‌സി. പി.എച്ച്.ഡി (ക്രഡിറ്റ് & സെമസ്റ്റർ - റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഹോം സയൻസ് ഫുഡ് സർവ്വീസ് മാനേജ്‌മെന്റ് & ഡയറ്ററ്റിക്‌സ് (നോൺ സി.എസ്.എസ് - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 27 വരെ സ്വീകരിക്കും.

2016 ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തിയ ഒന്നാം വർഷം മുതൽ നാലാം വർഷ ബി.പി.റ്റി (പഴയസ്കീം - 2008 ന് മുൻപുള്ള അഡ്മിഷൻ) മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 25 വരെ സ്വീകരിക്കും.

2015 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി കംപ്യൂട്ടർ സയൻസ് (നോൺ സി.എസ്.എസ് - സപ്ലിമെന്ററി-മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 2 വരെ സ്വീകരിക്കും.

**പി.എച്ച്.ഡി കോഴ്സ് വർക് ഫലം**

സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ് 2016 ജൂലായിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക് (ക്രെഡിറ്റ് & സെമസ്റ്റർ) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.

**സൗജന്യ എൽ.ഡി ക്ലാർക്ക് പരീക്ഷാ പരിശീലനം**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എൽ. ഡി ക്ലാർക്ക് പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലനം എം. ജി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. യു.ജി.സി ധനസഹായത്തോടെ നടത്തുന്ന ഈ പരിശീലനപരിപാടിയിൽ പട്ടികജാതി/പട്ടികവർഗ്ഗ/മൈനോറിറ്റി (ക്രിസ്ത്യൻ, മുസ്ലീം, സിക്ക്, ബുദ്ധ, ജൈന)/ ഒ.ബി.സി (നോൺ ക്രീമിലെയർ)/ ഓപ്പൺ (ബി.പി.എൽ) വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. വിവരങ്ങൾക്ക് ഫോൺ : 0481 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**